''ഭരണഭാഷ - മാതൃഭാഷ''

# വ്യാവസായിക പരിശീലന വകുപ്പ്

**(കേരള സംസ്ഥാനം)**

നമ്പർ: ജി1/110/2015

ചാക്ക, തിരുവനന്തപുരം
തീയതി: 14.12.2015

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2015(സെമസ്റ്റർ സ്കീം) - കൺസോളിഡേറ്റഡ് മാർക്ക് ഷീറ്റുകൾ പരിശോധിച്ച് അപാകതയുടെ വിവരങ്ങൾ അറിയിക്കാൻ നിർദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- ഇതേ നമ്പരിലുള്ള 02/12/15 ലെ ചുറ്ററിയിപ്പ്.

***************

2013 ആഗസ്റ്റിൽ അഡ്മിഷനായതും ജൂലൈ 2015ൽ നടന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ ഒന്ന്/രണ്ട്/മൂന്ന് (സപ്ലിമെന്ററി), നാല് (റഗുലർ) ആയി പരീക്ഷ എഴുതി വിജയിച്ച ട്രെയിനികളുടെ ഏകീകൃത മാർക്ക് ഷീറ്റുകൾ(കൺസോളിഡേറ്റഡ് മാർക്ക്ഷീറ്റ്) വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി മാർക്ക് ഷീറ്റുകൾ പരിശോധനയ്ക്ക് മാത്രമേ സാധിക്കുകയുള്ളു. ആയത് വിശദമായി പരിശോധിച്ച് ആയതിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ പ്രസ്തുത വിവരം deputydirectoroftraining@gmail.com എന്ന വിലാസത്തിൽ ഈ അറിയിപ്പ് കിട്ടി 5 ദിവസത്തിനകം വിശദ വിവരങ്ങൾ സഹിതം ലഭ്യമാക്കേണ്ടതാണ്. അപാകതയൊന്നും തന്നെ അറിയിച്ചിട്ടില്ലാ എങ്കിൽ ടി മാർക്ക്ഷീറ്റുകളിൽ അപാകതയൊന്നും തന്നെ ഇല്ല എന്ന് കണക്കാക്കി പ്രസ്തുത കാലയളവിന് ശേഷം ആയത് പ്രിന്റ് എടുത്ത് ട്രെയിനികൾക്ക് വിതരണം നടത്തേണ്ടതാണ്.

എ4 സൈസിൽ ഉള്ള 80 GSMന് മുകളിൽ കനമുള്ള ഇളം പച്ച നിറത്തിലുള്ള ഫോട്ടോകോപ്പിയർ പേപ്പറിൽ വേണം. ടി മാർക്ക് ഷീറ്റുകൾ പ്രിന്റ് എടുത്ത് പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി വിതരണം നടത്തേണ്ടത്. ആയതിന്റെ ഒരു പകർപ്പും ഐ.ടി.ഐയിൽ സൂക്ഷിക്കേണ്ടതാണ്. നിശ്ചിത കാലയളവ് കഴിഞ്ഞാൽ ഈ വിവരങ്ങൾ വെബ് സൈറ്റിൽ നിന്നും നീക്കം ചെയ്യുമെന്നതിനാൽ പകർപ്പ് അത്യാവശ്യമായി സൂക്ഷിക്കേണ്ടതാണ്. ട്രെയിനികളുടെ മാർക്ക് ഷീറ്റ് വിതരണം നടത്തുന്നതുമായി ബന്ധപ്പെട്ട് സൂചന പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള എല്ലാ മാർഗ്ഗനിർദേശവും പാലിച്ചു കൊണ്ടായിരിക്കണം ട്രെയിനികൾക്ക് ടി മാർക്ക് ഷീറ്റുകൾ വിതരണം നടത്തേണ്ടത് എന്നുള്ള കർശന നിർദേശം നൽകുന്നു. 31/12/2015 വരെ മാത്രമേ ടി മാർക്ക് ഷീറ്റുകൾ പ്രിന്റ് എടുക്കുവാൻ സാധിക്കുകയുള്ളു എന്ന വിവരം പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തുന്നു.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ സർക്കാർ/ എസ്.സി.ഡി.ഡി./എസ്.റ്റി.ഡി.സി./ സ്വകാര്യ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:- വകുപ്പ് വെബ്സൈറ്റിലേക്ക്.

ആൻ 15.12.15/എസ്സ്